"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - കഠിനംകുളം ഗ്രാമപഞ്ചായത്തിലെ മേനംകുളം കഴക്കൂട്ടം മേഖലയിലെ തുമ്പ ഗോൾഡൻ ബീച്ചിൽ 'കടലോളം ഓണം' പരിപാടിയുടെ നടത്തിപ്പിനായി പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്ന് തുക ചെലവഴിക്കുന്നതിനുള്ള യഥേഷ്ടാനുമതി നൽകി-ഉത്തരവ് പുറപ്പെടുവിക്കുന്നു .

---

**തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

സ.ഉ.(സാധാ) നം.1527/2026/LSGD തീയതി,തിരുവനന്തപുരം, 14-08-2026

---

പരാമർശം:- കഠിനംകുളം ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട്, 29.07.2026-ൽ സർക്കാരിന് നൽകിയ കത്ത്

**ഉത്തരവ്**

കഠിനംകുളം ഗ്രാമപഞ്ചായത്തിലെ മേനംകുളം കഴക്കൂട്ടം മേഖലയിലെ പ്രധാന ടൂറിസ്റ്റ് കേന്ദ്രമായ തുമ്പ ഗോൾഡൻ ബീച്ചിൽ സംസ്ഥാനതല ഓണം വാരാഘോഷവുമായി ബന്ധപ്പെട്ട് 'കടലോളം ഓണം' പരിപാടിയുടെ ഭാഗമായി ബീച്ചിൽ വിവിധ സ്റ്റാളുകൾ, റൈഡുകൾ, ദീപാലങ്കാരം, ഫ്ലവർ ഷോ, സാംസ്കാരിക സമ്മേളനം, ഘോഷയാത്ര മുതലായവ സംഘടിപ്പിക്കുന്നതിനുള്ള ക്രമീകരണങ്ങൾക്കും ഫണ്ട് ആവശ്യമാണെന്നും, പ്രസ്തുത പരിപാടിക്ക് ടൂറിസം വകുപ്പ് അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ പഞ്ചായത്ത് തനത് ഫണ്ടിൽ നിന്ന് പത്ത് ലക്ഷം രൂപ ചെലവഴിക്കുന്നതിന് പ്രത്യേക അനുമതി ആവശ്യപ്പെട്ടു പരാമർശ കത്ത് പ്രകാരം കഠിനംകുളം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കഠിനംകുളം ഗ്രാമപഞ്ചായത്തിലെ മേനംകുളം കഴക്കൂട്ടം മേഖലയിലെ പ്രധാന ടൂറിസ്റ്റ് കേന്ദ്രമായ തുമ്പ ഗോൾഡൻ ബീച്ചിൽ സംസ്ഥാനതല ഓണം വാരാഘോഷവുമായി ബന്ധപ്പെട്ട് 'കടലോളം ഓണം' പരിപാടിയുടെ നടത്തിപ്പിനായി ഭരണ സമിതി തീരുമാനത്തിന് വിധേയമായി അഞ്ചു ലക്ഷം രൂപ വരെ(5,00,000/-രൂപ) പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്ന് ചെലവഴിക്കുന്നതിനുള്ള യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. ചെലവുകൾ ഓഡിറ്റിന് വിധേയമാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
അഡീഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ ,തദ്ദേശ സ്വയംഭരണ വകുപ്പ്

എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), കേരള, തിരുവനന്തപുരം

ലോക്കൽ ഫണ്ട് ആഡിറ്റ്, ഡയറക്ടർ, തിരുവനന്തപുരം

ഡയറക്ടർ, ഐ & പി ആർ ഡി/ വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം

സ്റ്റോപ്പ് ഫയൽ /ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Digitally signed by
Assim M S
Date: 14-08-2026
14:23:12
സെക്ഷൻ ഓഫീസർ